ദേശാഭിമാനി 13 March 2018



▸ സ്വച്ഛ് ഭാരത് പുരസ്കാരം ഡോ എ ഗോപാലകൃഷ്ണൻ ഏറ്റുവാങ്ങുന്നു

# 'മത്സ്യശ്മശാന'ത്തിന് ദേശീയ പുരസ്കാരം

**കൊച്ചി** > പ്ലാസ്റ്റിക് മാലിന്യത്തിനെതിരെ പൊതുജനങ്ങളെ ബോധവൽകരിക്കുന്നതിന് സിഎംഎഫ്ആർഐ കഴിഞ്ഞവർഷം നടത്തിയ 'മത്സ്യശ്മശാനം'' കലാവിഷ്കാരത്തിന് ദേശീയ അംഗീകാരം. കേന്ദ്രസർക്കാരിന്റെ സ്വച്ഛ്ഭാരത് പുരസ്കാരം സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ കേന്ദ്രമന്ത്രി രാധാമോഹൻ സിങ്ങിൽനിന്ന് ഏറ്റുവാങ്ങി. കഴിഞ്ഞവർഷം സ്വച്ഛ്ഭാരത് പദ്ധതി ഏറ്റവും വിജയകരമായി നടപ്പാക്കിയ ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന് (ഐസിഎആർ) കീഴിലുള്ള സ്ഥാപനങ്ങളിൽ ദേശീയതലത്തിൽ സിഎംഎഫ്ആർഐക്ക് രണ്ടാം സ്ഥാനം ലഭിച്ചു.

ഡെറാഡൂണിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോയിൽ ആൻഡ് വാട്ടർ കൺസർവേഷനാണ് ഒന്നാം സ്ഥാനം.

പ്ലാസ്റ്റിക്മാലിന്യം കടലിൽ കുമിഞ്ഞുകൂടുന്നതിലൂടെ മത്സ്യസമ്പത്തിനും സമുദ്രപരിസ്ഥിതിക്കും സംഭവിക്കുന്ന പ്രത്യാഘാതങ്ങൾ പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനായൊരുക്കിയ പ്രതീകാത്മക കലാസൃഷ്ടിയായിരുന്നു ഫോർട്ട്കൊച്ചി ബീച്ചിൽ സിഎംഎഫ്ആർഐ ഒരുക്കിയ മത്സ്യശ്മശാനം (ഫിഷ് സിമട്രി). 2500 ചതുരശ്ര അടിയിലധികം വ്യാപ്തിയും 13 അടി ഉയരവുമുള്ള കലാസൃഷ്ടി ജനശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. നോഡൽ ഓഫീസറും പ്രിൻസിപ്പൽ സയന്റിസ്റ്റുമായ ഡോ. ശ്യാം എസ് സലീമിന്റെ നേതൃത്വത്തിലാണ് സിഎംഎഫ്ആർഐയിൽ സ്വച്ഛ്ഭാരത് അഭിയാൻ പ്രവർത്തനങ്ങൾ.